നമ്പർ: സി.എ/ഇ.സി-116/2019

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 01.10.2019
ഫോൺ: 0471-2332632
ഇ-മെയിൽ: eckerala.exc@kerala.gov.in

പ്രേഷകൻ
എക്സൈസ് കമ്മീഷണർ,
കേരള

ഗ്രാഹകൻ
1. എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാരും
2. എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും
3. എല്ലാ അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർമാരും
4. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർ (എല്ലാ സർക്കിളുകളും)
5. എക്സൈസ് ഇൻസ്പെക്ടർമാർ (എല്ലാ എക്സൈസ് സർക്കിൾ ഓഫീസുകളും, എക്സൈസ് റെയിഞ്ച് ഓഫീസുകളും)

സർ,

വിഷയം:- പാലക്കാട് നിന്നും മറ്റ് ജില്ലകളിലേക്ക് കൊണ്ടുവരുന്ന കള്ള് പരിശോധിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. എക്സൈസ് കമ്മീഷണറുടെ 24/03/2014 തീയതിയിലെ XA3-12605/12/D.Dis നമ്പർ ഉത്തരവ്

2929

......

പാലക്കാട് ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേക്ക് കൊണ്ടുപോകുന്ന കള്ള്പാലക്കാട് ജില്ലയിൽ മേൽ സൂചനയിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി പരിശോധിക്കുന്നുണ്ട്. ഇതിന് പുറമേ ആലപ്പുഴ ജില്ലയിൽ ചേർത്തല സർക്കിൾ ഓഫീസിലും മറ്റ് കള്ള് എത്തിച്ചേരുന്ന ഗ്രൂപ്പുകളുടെ നിയന്ത്രണമുള്ള സർക്കിൾ ഓഫീസുകളിലും കള്ളിന്റെ അളവ് പരിശോധിക്കുന്ന പതിവുള്ളതായി അറിയുന്നു. മറ്റ് സർക്കിൾ ഓഫീസുകളിൽ പരിശോധിക്കുന്നതുകൊണ്ട് ചേർത്തലയിലുള്ള പരിശോധന ഒഴിവാക്കേണ്ടതാണ്.

കള്ള് പരിശോധിക്കുന്നതിന് പ്രത്യേക ഉപകരണങ്ങൾ ആവശ്യമാണെന്നൊക്കെയുള്ള ചില അഭിപ്രായങ്ങളും വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് കള്ള് കൊണ്ടുവരുന്ന കന്നാസുകളിൽ കള്ളിന്റെ അളവ് ആ കന്നാസിന്റെ പൊക്കത്തിൽ അല്പം കൂടുതൽ നീളമുള്ള ഒരു വൃത്തിയുള്ള സ്കെയിൽ അല്ലെങ്കിൽ നനവ് തട്ടുമ്പോൾ കുതിർന്നുപോവാത്ത തരത്തിലുള്ള തടിയുടെ വളയാത്ത ഒരു കമ്പ് ഉപയോ

ഗിക്കേണ്ടതാണ്. ഇപ്രകാരം ഒരോ കന്നാസിലുമുള്ള കള്ളിന്റെ അളവ് കണ്ടുപിടിക്കുകയും ആ അളവ് ഒരു ടേപ്പ് ഉപയോഗിച്ച് കന്നാസിൽ കൊള്ളാവുന്ന പരമാവധി അളവിന്റെ അനുപാതമായി കണക്കാക്കി ഉള്ള കള്ളിന്റെ അളവ് വലിയ വ്യത്യാസമില്ലാതെ കൃത്യമായി തന്നെ അറിയാൻ സാധിയ്ക്കുന്നതാണ്. കള്ള് ഒരു പാനീയമായതിനാൽ ഇതിനായി സ്കെയിൽ അല്ലെങ്കിൽ പ്രത്യേകം വൃത്തിയായി സൂക്ഷിച്ച വടി ഉപയോഗിയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കള്ളിന് പതയുന്ന സ്വഭാവം ഉള്ളതുകൊണ്ട് അളവിൽ വന്നേക്കാവുന്ന ചെറിയ വ്യത്യാസങ്ങൾ, അതാത് കന്നാസിന്റെ വലുപ്പത്തിന്റെ തോതനുസരിച്ച്, പരമാവധി അഞ്ച് ലിറ്ററിൽ താഴെവരെ ആയിരിക്കുന്നിടത്തോളം അനുവദനീയമാണ്. കള്ളിന്റെ അളവ് പരിശോധിക്കുന്നതിന് എല്ലാ ഉദ്യോഗസ്ഥരും ഈ മാർഗ്ഗം സ്വീകരിക്കേണ്ടതാണ്.

ഇതിന് വിരുദ്ധമായി കള്ളിന്റെ അളവ് പരിശോധിക്കുന്നതിൽ വിമുഖത കാണിയ്ക്കുയോ അംഗീകരിക്കാനൊക്കാത്ത കാരണങ്ങൾ പറഞ്ഞ് പരിശോധിയ്ക്കാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ മറ്റൊരറിയിപ്പില്ലാതെ കർശനമായ അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധ നല്കി ഈ പ്രക്രിയ മേൽപറഞ്ഞ രീതിയിൽ കുറ്റമറ്റതരത്തിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

എസ്. ആനന്ദകൃഷ്ണൻ ഐ.പി.എസ്
എഡിജിപി & എക്സൈസ് കമ്മീഷണർ

പകർപ്പ്

1. അഡീഷണൽ എക്സൈസ് കമ്മീഷണർ(എൻഫോഴ്സ്മെന്റ്)
2. എക്സൈസ് വിജിലൻസ് ഓഫീസർ